"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - ടിഡ - ജീവനക്കാര്യം - ശ്രീ.വിഷ്ണു എസ്.എസ്.(ക്ലർക്ക്, ലാൻഡ് റവന്യൂ വകുപ്പ്, തൃശ്ശൂർ കളക്ടേറ്റ്) -ന്റെ ടിഡയിലെ അന്യത്ര സേവനകാലാവധി അവസാനിക്കുന്നതിന് മുൻപ് വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് അയച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1956/2023/LSGD തീയതി,തിരുവനന്തപുരം, 05-10-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1312/2021/തസ്വഭവ, തീയതി 12/07/2021
2. സ.ഉ.(സാധാ) നം.1824/2022/തസ്വഭവ, തീയതി 29/07/2022
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/05/2023, 21/07/2023 തീയതികളിലെ എ1/1252/2018/ടിഡ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം വികസന അതോറിറ്റിയിൽ എൽ.ഡി.സി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ വിഷ്ണു.എസ്.എസ്.-ന്റെ അന്യത്രസേവന കാലാവധി പരാമർശം (2) പ്രകാരം 29/07/2022 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ശ്രീ.വിഷ്ണു.എസ്.എസ്-ന്റെ 07/11/2022-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ ടിഡയിലെ എൽ.ഡി.സി തസ്തികയിലെ അന്യത്രസേവനത്തിൽ നിന്നും 31/01/2023-ൽ വിടുതൽ ചെയ്തുവെന്നും അതിനാൽ ടിയാന്റെ 01/02/2023 മുതൽ 28/07/2023 വരെയുള്ള അന്യത്ര സേവന കാലാവധി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം ടിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ കളക്ടേറ്റിൽ ലാൻഡ് റവന്യൂ വകുപ്പിലെ ക്ലാർക്കായ ശ്രീ. വിഷ്ണു.എസ്.എസ്-ന്റെ ടിഡയിലെ 01/02/2023 മുതൽ 28/07/2023 വരെയുള്ള അന്യത്ര സേവനകാലം റദ്ദാക്കി, അന്യത്ര സേവനകാലാവധി അവസാനിക്കുന്നതിന് മുൻപ് ടിയാനെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് അയച്ച ടിഡയുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

സെക്രട്ടറി, ടിഡ.

ശ്രീ.വിഷ്ണു എസ്.എസ്., ക്ലാർക്ക്, ലാൻഡ് റവന്യൂ വകുപ്പ്, തൃശ്ശൂർ കളക്ടേറ്റ് (കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ് മുഖാന്തിരം).

കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

സെക്ഷൻ ഓഫീസർ

Date: 06-10-2023 09:30:21